LIBRARY ARCHIVES Kerala Legislative Assembly

മിൽമ ക്ഷീരകർഷകർക്ക് നൽകുന്ന കാലിത്തീറ്റ

75 [3426] ശ്രീ. കെ. അച്ചുതൻ:

,, സി. പി. മുഹമ്മദ്:

,, എൻ. ഡി. അപ്പച്ചൻ:

,, ടി. വി. ചന്ദ്രമോഹൻ:

ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെന്റോ, മിൽമയോ ക്ഷീരകർഷകർക്ക് കാലിത്തീറ്റ നൽകുന്നുണ്ടോ;

(ബി) എങ്കിൽ എന്തുവിലയ്ക്കാണ് നൽകുന്നത്;

(സി) ഇതിൽ വിൽപ്പന നികുതി എത്രവീതം വരും;

(ഡി) കാലിത്തീറ്റക്ക് സബ്സിഡി നൽകുന്നുണ്ടോ; എങ്കിൽ എത്ര;

(ഇ) തമിഴ്നാട്ടിൽ കാലിത്തീറ്റക്ക് സബ്സിഡി നൽകുന്നുണ്ടോ എന്നും അവിടെ കാലിത്തീറ്റക്ക് വിൽപ്പന നികുതി ചുമത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനമായ കേരളാ ഫീഡ്സ് ലിമിറ്റഡും സഹകരണ സ്ഥാപനമായ മിൽമയും ക്ഷീരകർഷകർക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നുണ്ട്.

(ബി) കേരളാ ഫീഡ്സ് 50 കിലോഗ്രാം ഓർഡിനറി ഗുളിക രൂപത്തിലുള്ളത് 380 രൂപയ്ക്കും സ്പെഷ്യൽ 425 രൂപയ്ക്കും വിൽക്കുമ്പോൾ മിൽമപ്പൊടി കാലിത്തീറ്റ 360 രൂപയ്ക്കും ഗുളികരൂപത്തിലുള്ള കാലിത്തീറ്റ 373 രൂപയ്ക്കും സംഘങ്ങൾക്ക് വിൽക്കുന്നു.

(സി) മിൽമ 4 ശതമാനം എസ്. ടി.-യും 15 ശതമാനം എസ്.ടി-യും ഈടാക്കുന്നുണ്ട്. കേരളാ ഫീഡ്സിന് നിലവിൽ വിൽപ്പന നികുതിയില്ല. മിൽമ 50 കിലോഗ്രാം പൊടി കാലിത്തീറ്റയ്ക്ക് 16 രൂപ 56 പൈസയും ഗുളികരൂപത്തിലുള്ള കാലിത്തീറ്റയ്ക്ക് 17 രൂപ 16 പൈസയും എസ്. ടി.യായി ഈടാക്കുന്നു.

(ഡി) മിൽമ കാലിത്തീറ്റയ്ക്ക് മലബാർ മേഖല ക്ഷീരോൽപ്പാദകയൂണിയൻ 50 കിലോഗ്രാമിന് 20 രൂപ വേനൽകാലത്ത് സബ്സിഡി നൽകുന്നുണ്ട്. മറ്റ് യൂണിയനുകളോ കേരളാ ഫീഡ്സോ സബ്സിഡി നൽകുന്നില്ല.

(ഇ) വിവരം ലഭ്യമല്ല.